"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം- അസിസ്റ്റന്റ് എൻജിനീയറായ ശ്രീമതി മഞ്ജു ജി.-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിന്മേൽ തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.1415/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/07/2020

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.12.2019 ലെ ഇ3-13234/2019/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.12.2019 ലെ ഇ3-13234/2019/സി.ഇ/തസ്വഭവ നമ്പർ കത്ത്.

3. 21.05.2020 ലെ സ.ഉ. (ആർ.ടി.) 934/2020/തസ്വഭവ നം.ഉത്തരവ്.

4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.06.2020ലെ ഇ3-13234/2019/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയറായ ശ്രീമതി മഞ്ജു ജി.-യുടെ പ്രൊബേഷൻ കാലയളവ് നീട്ടുന്നത് സംബന്ധിച്ച് ചീഫ് എൻജിനീയർ പരാമർശം 1, 2 പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിൽ, ശ്രീമതി മഞ്ജു ജി. നിശ്ചിത യോഗ്യത ആർജിച്ച വകുപ്പുതല പരീക്ഷയുടെ അവസാന തീയതി 30.01.2016 ആണ് എന്നാണ് അറിയിച്ചിരുന്നത്. അതിൻപ്രകാരം ടിയാൾക്ക് 31.01.2016 പൂർവാഹ്നത്തിൽ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലയളവ് 01.02.2016 അപരാഹ്നം വരെ നീട്ടിക്കൊണ്ട് പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടിയാൾ യോഗ്യത ആർജ്ജിച്ച വകുപ്പുതല പരീക്ഷയുടെ അവസാന തീയതി 18.02.2016 ആണെന്ന് ചീഫ് എൻജിനീയർ പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി മഞ്ജു ജി.-യുടെ അസി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ 19.02.2016 ന് പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലയളവ് 25.08.2015 പൂർവാഹ്നം മുതൽ 20.02.2016 അപരാഹ്നം വരെ ദീർഘിപ്പിച്ച്, പരാമർശം 3 ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗോപകുമാർ യു**

**അണ്ടർ സെക്രട്ടറി**

1. ശ്രീമതി മഞ്ജു ജി., അസി.എഞ്ചിനീയർ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) , കേരള, തൃശ്ശൂർ.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by
SREEKANTH C
Date: 2020.[illegible] 13:35:05 IST
Reason: Approved
സെക്ഷൻ ഓഫീസർ